2025
August 1
Friday

# DAILY EXPRESS

St. Joseph's U.P School Vayattuparamba

# പേവിഷബാധ ബോധവൽക്കരണ ക്യാമ്പയിൻ




വായാട്ടുപറമ്പ് യു. പി സ്കൂളിൽ വിദ്യാർഥികൾക്കായി ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ പേവിഷബാധ ബോധവൽക്കരണ ക്യാമ്പയിൻ നടത്തി.കണ്ണൂർ ജില്ലയിലെ എജുക്കേഷൻ ഓഫീസറായ ബിജു ആന്റണിയാണ് ക്ലാസുകൾ നയിച്ചത്. രോഗം പരത്തുന്ന മൃഗങ്ങൾ,പകരുന്നരീതി എന്നിവയെക്കുറിച്ച്  വിദ്യാർഥികളിൽ അവബോധം വളർത്തുന്നതിനും, മൃഗങ്ങളുടെ കടി, മാന്തൽ,പോറൽ എന്നിവ ഏറ്റാൽ രക്ഷിതാക്കളയോ, അധ്യാപകരേയോ ഉടനടി വിവരം അറിയിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിനും ക്യാമ്പയിൻ ഉപകാരപ്രദമായി.

പേവിഷബാധയുമായി ബന്ധപ്പെട്ട് സ്കൂൾ  അധികൃതരും വിദ്യാർഥികളും  ചെയ്യേണ്ട കാര്യങ്ങളിൽ അവബോധം  സൃഷ്ടിക്കുകയാണ് ക്യാമ്പയിനിലൂടെ ലക്ഷ്യമിട്ടത്. സ്കൂളിലേക്ക് വരുന്ന വഴിയിൽ തെരുവുനായ ആക്രമിച്ചാൽ നിർബന്ധമായും അധ്യാപകരോട് പറയേണ്ടതിന്റെ ആവശ്യകത, പ്രഥമശുശ്രൂഷ നൽകിയശേഷം എത്രയും വേഗം കുട്ടിയെ ആശുപത്രിയിൽ എത്തിച്ചു വാക്സിൻ നൽകൽ, സ്കൂളിൽ പ്രഥമശുശ്രൂഷ കിറ്റ് കരുതേണ്ടതിന്റെയും  അതിൽ കൈയുറ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതിന്റെയും ആവശ്യകത തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ബിജു സാർ കുട്ടികളെബോധ്യപ്പെടുത്തി.

Happy Birthday



2025
August 4
Monday
# DAILY EXPRESS
St.Joseph's U.P School Vayattuparamba

# വാക്ക് പറഞ്ഞാൽ വാക്കാണ്

## തെരഞ്ഞെടുപ്പ് പത്രികയിലെ വാഗ്ദാനം നടപ്പിലാക്കി നേതാക്കൾ .



സ്കൂൾ ലീഡർ വിഗനമുക്ത ജയ്മോൻ, സ്കൂൾ സെക്രട്ടറി അഹാന മരിയ ആന്റണി എന്നിവരാണ് വാഗ്ദാനങ്ങൾ പാലിച്ചു തുടങ്ങിയത്. വിദ്യാർത്ഥികൾക്ക് സ്പോർട്സ് ഉപകരണങ്ങളാണ് ഇവർ പ്രധാനമായും വാഗ്ദാനം ചെയ്തത്. തെരഞ്ഞെടുപ്പിൽ വിജയിച്ച ഉടൻ തന്നെ രണ്ട് പേരും 1000 രൂപയ്ക്ക് മുകളിൽ വിലയുള്ള ഫുട്ബോൾ സ്കൂളിന് സംഭാവന ചെയ്തു.

തെരഞ്ഞെടുപ്പിൽ വിജയം നേടിയ വിദ്യാർത്ഥികൾ മധുര പലഹാരങ്ങൾ നൽകുന്ന പതിവ് രീതിക്ക് പകരമാണ് ഇത് ചെയ്തത്. ജനാധിപത്യരീതിയിൽ നടന്ന സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പിൽ സ്ഥാനാർഥികളായി മത്സരിച്ചവർ നിരവധി തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ നൽകിയിരുന്നു. ഇലക്ഷന് മുമ്പ് അവർ തെരഞ്ഞെടുപ്പ് പത്രികയും പുറത്തിറക്കിയിരുന്നു.

## ഇവർ പുലിയാണ്

# പണി തുടങ്ങി മക്കളെ..

തങ്ങളുടെ വിദ്യാലയത്തിലെ ഓരോ വിദ്യാർത്ഥിയും ഉച്ചഭക്ഷണം പാഴാക്കികളയാതിരിക്കാൻ സ്കൂൾ ലീഡറും,ഡെപ്യൂട്ടി ലീഡറും, സെക്രട്ടറിയും, ജോയിന്റ് സെക്രട്ടറിയും ജാഗ്രതയോടെ വാഷ് ബേസിന്റെ സമീപപ്രദേശങ്ങളിൽ നിലയുറപ്പിക്കുന്നുണ്ട്.

2025
August 5
Tuesday

# DAILY EXPRESS

St.Joseph's U.P School Vayattuparamba

## ഉച്ചഭക്ഷണത്തിന്റെ പുത്തൻ രുചിക്കൂട്ട്



ഈ മാസം മുതൽ വായാട്ടുപറമ്പ് യുപി സ്കൂളിൽ പരിഷ്കരിച്ച മെനു നടപ്പിലാക്കി തുടങ്ങി. ഇന്നത്തെ സ്പെഷ്യൽ വിഭവം ക്യാരറ്റ് റൈസ്, എഗ്ഗ് പെപ്പർ റോസ്റ്റ് എന്നിവയായിരുന്നു.ചെറുധാന്യങ്ങളും, വ്യത്യസ്ത വിഭവങ്ങളും മെനുവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്കൂളിന്റെ ഉച്ചഭക്ഷ ചുമതല നിർവഹിക്കുന്ന അധ്യാപികരായ ജോത്സ ജോസിന്റെയും, അബിത വി. ഇ യുടെയും നേതൃത്വത്തിൽ ആഴ്ചയിലെ ഓരോ ദിവസത്തെയും ഉച്ചഭക്ഷണ മെനു മുൻകൂട്ടി തയ്യാറാക്കുന്നു.

കുട്ടികളിൽ ശരിയായ പോഷണത്തിന്റെ കുറവുമൂലം വിളർച്ചയും, അമിതവണ്ണവും കാണുന്നുവെന്ന കണ്ടെത്തലിനെ തുടർന്നാണ് വിദ്യാഭ്യാസ വകുപ്പ് പുതിയ വിഭവങ്ങളുടെ നിർദേശം നൽകിയിരിക്കുന്നത്. എന്നാൽ പരിഷ്കരിച്ച മെനു നടപ്പാക്കാനുള്ള സാമ്പത്തിക സഹായം കൂടി സർക്കാർ അനുവദിക്കണമെന്നാണ് അധ്യാപകർ മുന്നോട്ടു വയ്ക്കുന്ന ആവശ്യം.പുതിയ വിഭവങ്ങൾ തയ്യാറാക്കുന്ന ഏറെ ശ്രമകരമായ ജോലി ഏറെ സന്തോഷത്തോടെയാണ് പാചക തൊഴിലാളികളായ ബീന ചേച്ചിയും, അജിത ചേച്ചിയും നിർവഹിക്കുന്നത്.

Happy Birthday



2025
August 7
Thursday

DAILY EXPRESS

St.Joseph's U.P School Vayattuparamba

# തളിപ്പറമ്പ് നോർത്ത് ഉപജില്ല

# വിദ്യാരംഗം കലാസാഹിത്യവേദി ഉദ്ഘാടനം




## നമ്മുടെ സ്കൂളിൽ നിന്ന് അധ്യാപക, വിദ്യാർത്ഥി പ്രതിനിധികൾ പങ്കെടുത്തു

2025 ഓഗസ്റ്റ് 7 ന് വെള്ളാട് ജി.യു പി സ്കൂളിൽ വെച്ച് തളിപ്പറമ്പ് നോർത്ത് ഉപജില്ല വിദ്യാരംഗം കലാസാഹിത്യ വേദി ഉദ്ഘാടനം നടന്നു. തളിപ്പറമ്പ് നോർത്ത് എ. ഇ. ഒ അധ്യക്ഷത വഹിച്ച യോഗം നടുവിൽ പഞ്ചായത്ത് പ്രസിഡന്റ് ബേബി ഓടമ്പള്ളി ഉദ്ഘാടനം ചെയ്തു. മറത്തുകളി : സാഹിത്യവും സംവാദവും എന്ന വിഷയത്തെ ആസ്പദമാക്കി ഡോ. രാജേഷ് കടന്നപ്പള്ളി ശില്പശാല നയിച്ചു.

വിദ്യാരംഗം നോർത്ത് ഉപജില്ല കൺവീനർ ജിഷ സി ചാലിൽ പ്രവർത്തന കലണ്ടർ അവതരിപ്പിച്ചു. വായാട്ടുപറമ്പ് യു.പി സ്കൂളിൽ നിന്ന് അധ്യാപക പ്രതിനിധികളായി തെരേസ് മേരി ജോസും, ജ്യോതിസ് തോമസും, വിദ്യാർത്ഥി പ്രതിനിധികളായി വിഗ്നമുക്ത ജയ്മോൻ,നിദ മുഹമ്മദ് എന്നിവരും ഉദ്ഘാടന സമ്മേളനത്തിലും ശിൽപ്പശാലയിലും പങ്കെടുത്തു.

ദീപിക കളർ ഇന്ത്യ മത്സരം നാളെ ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കാൻ പേര് നൽകിയിരിക്കുന്ന കുട്ടികൾ ക്രയോൺസ് / കളർ പെൻസിൽ കരുതണം.

2025 August 8 Friday

DAILY EXPRESS

St.Joseph's U.P School Vayattuparamba

# ക്വിറ്റിന്ത്യ,ഹിരോഷിമ,നാഗസാക്കി ദിനാചരണം




## ദിനാചരണത്തിന് നിറം പകർന്ന് സമാധാനത്തിന്റെ വൻമതിൽ, യുദ്ധവിരുദ്ധ റാലി,പ്ലക്കാർഡ്, സഡാക്കോ കൊക്കുകൾ

Peace Not War 'എന്ന സന്ദേശമുയർത്തി പിടിച്ചുകൊണ്ട് വായാട്ടുപറമ്പ് യു.പി സ്കൂളിൽ ക്വിറ്റിന്ത്യ, നാഗസാക്കി, ഹിരോഷിമ ദിനം വിപുലമായ പരിപാടികളോടെ സംയുക്തമായി ആചരിച്ചു. സ്കൂൾ അസംബ്ലിയിൽ വെച്ച് അധ്യാപകൻ ടിജോ മാത്യു യുദ്ധവിരുദ്ധ സന്ദേശം നൽകി. അതെ തുടർന്ന് സ്കൂൾ പാർലമെന്റ് യുദ്ധവിരുദ്ധ പ്രമേയം അവതരിപ്പിച്ചു. ദിനാചരണ കവിതയും, കഥകളും, മറ്റ് പരിപാടികളും വിദ്യാർത്ഥികൾ വേദിയിൽ അവതരിപ്പിച്ചു.

ലോകസമാധാനത്തിനായി വിദ്യാർത്ഥികൾ യുദ്ധവിരുദ്ധ പ്രതിജ്ഞ ഏറ്റുചൊല്ലി. പ്ലക്കാർഡ് ഉയർത്തിപ്പിടിച്ച് യുദ്ധവിരുദ്ധ മുദ്രാവാക്യങ്ങൾ ഏറ്റു ചൊല്ലിക്കൊണ്ട് റാലിയായി നീങ്ങിയ വിദ്യാർത്ഥികൾ സ്കൂൾ ഗ്രൗണ്ടിൽ സമാധാനത്തിന്റെ വൻമതിൽ തീർത്തു. ദിനാചരണ സമാപനത്തിൽ കുട്ടികൾ തങ്ങൾ നിർമ്മിച്ച സഡാക്കോ കൊക്കുകളെ പറപ്പിച്ചു. അധ്യാപികമാരായ ജ്യോത്സ ജോസ് ,സോഫിയ സെബാസ്റ്റ്യൻ എന്നിവരാണ് പരിപാടികൾക്ക് നേതൃത്വം കൊടുത്തത്.

2025 August 11 Monday

DAILY EXPRESS

St. Joseph's U.P School Vayattuparamba

# കളർ ഇന്ത്യ മത്സരം 2025



ദേശീയതല വർണോത്സവമായ 'ദീപിക കളർ ഇന്ത്യ 2025' മത്സരത്തിൽ വായാട്ടുപറമ്പ് യു.പി സ്കൂളിൽ നിന്ന് വിവിധ വിഭാഗങ്ങളിലായി ഒന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെയുള്ള 320 വിദ്യാർഥികളാണ് പങ്കെടുത്തത്. ലഹരിക്കെതിരെയുള്ള പോരാട്ടവും, ഭാരതത്തിന്റെ ഐക്യവും, അഖണ്ഡതയും ഊട്ടിയുറപ്പിക്കാനുള്ള സന്ദേശം പകർന്ന് നൽകിക്കൊണ്ട് ഇന്ത്യയുടെ 79 മത് സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ ഭാഗമായാണ് കളർ ഇന്ത്യ സീസൺ 4 മത്സരം നടത്തിയത്.

ആഗസ്റ്റ് എട്ടിന് ക്വിറ്റിന്ത്യ ദിനത്തിലാണ് മത്സരം സംഘടിപ്പിച്ചത്. ഈ മത്സരത്തിൽ പങ്കെടുക്കുന്നതിനായി വിദ്യാർത്ഥികൾ ജൂലൈ മാസത്തിൽ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്തിരുന്നു. ക്രയോൺ / കളർ പെൻസിൽ ഉപയോഗിച്ചാണ് മത്സരാർത്ഥികൾ സ്വാതന്ത്ര്യദിന സന്ദേശമുണർത്തുന്ന ചിത്രത്തിന് കളർ ചെയ്തത്. ആൻ മാത്യു ടീച്ചറാണ് നമ്മുടെ സ്കൂളിൽ മത്സരം സംഘടിപ്പിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തിയത്.

Happy Birthday



2025 August Tuesday
DAILY EXPRESS
St.Joseph's U.P School Vayattuparamba

# എല്ലാ വിദ്യാർത്ഥികൾക്കും സ്കൂൾ ഐഡി കാർഡ്



വായാട്ടുപറമ്പ് യു.പി സ്കൂളിൽ ജൂലൈ മാസത്തിൽ തന്നെ എല്ലാ വിദ്യാർഥികൾക്കും ഐ ഡി കാർഡ് നൽകി.നവാഗതരായ വിദ്യാർഥികളുടെയും,ഐഡി കാർഡ് നഷ്ടപ്പെട്ട വിദ്യാർത്ഥികളുടെയും ഫോട്ടോ ജൂൺ ആദ്യവാരത്തിൽ തന്നെ എടുത്തിരുന്നു. വിദ്യാർഥികൾ ധരിക്കുന്ന സ്കൂൾ ഐ.ഡി കാർഡ് നമ്മുടെ സ്കൂളിന്റെ ഔദ്യോഗിക തിരിച്ചറിയൽ രേഖയായി വർത്തിക്കുന്നു, ഐഡി കാർഡിൽ കുട്ടിയുടെ അഡ്രസ്സും,ഫോൺ നമ്പറും, സ്കൂളിന്റെ അഡ്രസ്സും, ഫോൺ നമ്പറും ഉൾപ്പെടുത്തിയിട്ടുണ്ട്. സ്കൂൾ പ്രവർത്തി ദിവസങ്ങളിൽ വിദ്യാർത്ഥികൾ നിർബന്ധമായും ഐഡി കാർഡ് ധരിക്കണം.ആഴ്ചയിൽ ബുധൻ ഒഴികെ മറ്റെല്ലാ ദിവസങ്ങളിലും സ്കൂൾ യൂണിഫോം നിർബന്ധമാണ്. അധ്യാപിക സിമി തോമസാണ് സ്കൂൾ ഐഡി കാർഡിനാവശ്യമായ കാര്യങ്ങൾ ക്രമീകരിച്ചത്.

Happy Birthday



2025
August 13
Wednesday
# DAILY EXPRESS
St.Joseph's U.P School Vayattuparamba

## കുട്ടികൾക്ക് മുന്നറിയിപ്പുമായി ഷുഗർ ബോർഡ്







**നല്ല ആരോഗ്യത്തിന് പഞ്ചസാരയും പ്രിസർവേറ്റീവ്സും ഒഴിവാക്കൂ**

അമിതമായ പഞ്ചസാര ഉപയോഗത്തിന്റെ അപകട സാധ്യതകളെക്കുറിച്ചും, ജീവിതശൈലി രോഗങ്ങളെക്കുറിച്ചും കുട്ടികളെ ബോധവാന്മാരാക്കുവാനും,സമീകൃത ആഹാരത്തെപ്പറ്റി കുട്ടികൾക്ക് അറിവ് പകരുന്നതിനും വേണ്ടിയാണ് സ്കൂളിൽ ഷുഗർ ബോർഡുകൾ സ്ഥാപിച്ചത്. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ കീഴിൽ സ്കൂൾ നൂൺമീൽ ഓഫീസർ ജോത്സ ജോസ് ടീച്ചറാണ് നമ്മുടെ സ്കൂളിൽ ഷുഗർ ബോർഡ് പുറത്തിറക്കിയത്.

കുട്ടികളിൽ ഷുഗർ ടൈപ്പ് 2 ഗണ്യമായ വർദ്ധനവ് ഉണ്ടാകുന്ന സാഹചര്യത്തിലാണ് സംസ്ഥാനത്തെ സ്കൂളുകളിൽ ഷുഗർ ബോർഡ് സ്ഥാപിക്കുന്നത്.മധുരമുള്ള ലഘുഭക്ഷണങ്ങൾ, ശീതളപാനീയങ്ങൾ, സംസ്കരിച്ച ഭക്ഷണങ്ങൾ, ജങ്ക് ഫുഡ് എന്നിവ കഴിക്കുന്നത് മൂലം കുട്ടികളുടെ ശരീരത്തിൽ പഞ്ചസാരയുടെ അളവ് വർദ്ധിക്കുന്നു. ഇത് നിമിത്തം കുട്ടികളിൽ അമിതവണ്ണം, ദന്തരോഗങ്ങൾ , മറ്റു ഉപാപചയ വൈകല്യങ്ങൾ എന്നിവയ്ക്ക് കാരണമാകുന്നു.

2025
August 14
Thursday

# DAILY EXPRESS

St.Joseph's U.P School Vayattuparamba

# സ്വച്ഛ് ക്ലീനിങ് ഡ്രൈവ്







സഫായ് അപ്നോ, ബിമാരി ഭാഗാവോ' കാമ്പെയ്നിന്റെ ഭാഗമായി, സ്കൂളിലെ മുതിർന്ന കുട്ടികളും, അധ്യാപകരും ചേർന്ന് ക്ലാസ് റൂമുകളിലെയും,സ്കൂൾ പരിസരത്തെയും പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്ത് ശുചീകരണ ക്യാമ്പയിനിൽ പങ്കാളികളായി .ഇന്ന് ചേർന്ന സ്പെഷ്യൽ സ്കൂൾ അസംബ്ലിയിൽ അധ്യാപകർ ശുചിത്വ ബോധവൽക്കരണം നടത്തി.സ്കൗട്ട് ആൻഡ് ഗൈഡ്, ജെ.ആർ.സി യൂണിറ്റ് അംഗങ്ങളാണ് ദിവസേന സ്കൂൾ ശുചീകരണ പ്രക്രിയയിൽ സജീവ പങ്കാളികളാകുന്നത്.

ചെറുതും,വലുതുമായ പാഴ് വസ്തുക്കളും,മാലിന്യങ്ങളും പൊതു സ്ഥലങ്ങളിൽ വലിച്ചെറിയില്ലെന്ന് ശുചിത്വപ്രതിജ്ഞയിൽ വിദ്യാർത്ഥികൾ ഏറ്റ് ചൊല്ലി. വ്യക്തിശുചിത്വം, വീട്, സ്കൂൾ ശുചിത്വം,പ്ലാസ്റ്റിക് രഹിത ചുറ്റുപാടുകൾ എന്നിവയിൽ വിദ്യാർത്ഥികൾക്ക് മാർഗനിർദേശം നൽകി.വിദ്യാർത്ഥികളിൽ പരിസ്ഥിതി അവബോധം വളർത്തുന്നതിനും, പൗര ഉത്തരവാദിത്തബോധം വളർത്തുന്നതിനുമുള്ള സ്കൂളിന്റെ വിശാലമായ ശ്രമങ്ങളുടെ ഭാഗമായിരുന്നു ഈ സംരംഭം. സയനാസ് ടീച്ചറാണ് സ്വച്ഛ് ക്ലീനിങ് ഡ്രൈവിന് നേതൃത്വം കൊടുത്തത്.

2025
August 18
Monday

# DAILY EXPRESS

St.Joseph's U.P School Vayattuparamba

# കിരീടത്തിൽ മുത്തമിട്ട് നമ്മുടെ വടംവലി ടീം



**First**

**under 13 Boys**



**First Runner up**

**under 13 Girls**

വായാട്ടുപറമ്പ് ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ നടന്ന കണ്ണൂർ ജില്ലാതല സബ് ജൂനിയർ വടംവലി ചാമ്പ്യൻഷിപ്പിൽ വായാട്ടുപറമ്പ് സെന്റ് ജോസഫ്സ് സ്കൂൾ ടീം ഫസ്റ്റ് റണ്ണറപ്പായി. അണ്ടർ 13 ആൺകുട്ടികളുട വിഭാഗത്തിൽ ഒന്നാം സ്ഥാനവും, പെൺകുട്ടികളുടെ വിഭാഗത്തിൽ ഫസ്റ്റ് റണ്ണറപ്പും സ്വന്തമാക്കി നമ്മുടെ സ്കൂൾ സുവർണ്ണ കിരീടത്തിൽ മുത്തമിട്ടു ജൂൺ മാസം മുതൽ തുടങ്ങിയ കൃത്യമായ പരിശീലനമാണ് ഈ വിജയത്തിലേക്ക് നയിച്ചത്. ജില്ലാതലത്തിൽ മികച്ച പ്രകടനം കാഴ്ച വെച്ച കായിക താരങ്ങൾ സംസ്ഥാന മത്സരത്തിൽ പങ്കെടുക്കുന്നതാണ്.

കണ്ണൂർ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി നിരവധി ടീമുകൾ വാശിയേറിയ വടംവലി മത്സരത്തിൽ മാറ്റുരച്ചു. നമ്മുടെ സ്കൂളിൽ നിന്ന് അണ്ടർ 13 വിഭാഗത്തിൽ 8 ആൺകുട്ടികളും,10 പെൺകുട്ടികളും പങ്കെടുത്തു.വടംവലി ദേശീയ താരമായ സന്നിത് സാറായിരുന്നു മുഖ്യപരിശീലകൻ. യു.പി സ്കൂളിലെ അധ്യാപകനായ ടിജോ മാത്യുവും,ഹൈസ്കൂളിലെ കായിക അധ്യാപകനായ ജോമോൻ സാറും വടംവലി പരിശീലനത്തിന് നേതൃത്വം കൊടുത്തു.മഹത്തായ കായിക പാരമ്പര്യത്തിന്റെ പിൻതലമുറക്കാരായ നമ്മുടെ വിദ്യാർത്ഥികൾ മുൻവർഷങ്ങളിലും ദേശീയ വടംവലി മത്സരങ്ങളിൽ വരെ അഭിമാനകരമായ നേട്ടം കൊയ്തിട്ടുണ്ട്.

2025 August 19 Tuesday

DAILY EXPRESS

St.Joseph's U.P School Vayattuparamba

# സ്വാതന്ത്ര്യദിനാഘോഷം





വായാട്ടുപറമ്പ് യു.പി സ്കൂളിൽ രാജ്യത്തിന്റെ 79-ാം സ്വാതന്ത്ര്യ ദിനം വിപുലമായ പരിപാടികളുടെ ആഘോഷിച്ചു.ഓഗസ്റ്റ് 15 ന് രാവിലെ 9:00 മണിക്ക് സ്കൂൾ മാനേജർ ഡോ.തോമസ് തെങ്ങുംപള്ളി ദേശീയ പതാക ഉയർത്തി. സ്കൂൾ സ്കൗട്ട്,ഗൈഡ് യൂണിറ്റ് വിദ്യാർത്ഥികൾ അവരുടെ യൂണിഫോമിൽ ഗ്രൗണ്ടിൽ അണിനിരന്നു.സീനിയർ അസിസ്റ്റന്റ് മോളി ജോസഫ് വിദ്യാർഥികളെ അഭിസംബോധന ചെയ്തു. ദേശീയ ഗാനത്തിന് ശേഷം വിദ്യാർത്ഥികൾക്ക് മധുര പലഹാരങ്ങൾ വിതരണം ചെയ്തു.

സ്കൂൾ മാനേജർ സ്വാതന്ത്ര്യ ദിന സന്ദേശം നൽകുകയും, വിദ്യാർത്ഥികളോട് സംവദിക്കുകയും ചെയ്തു. സ്വാതന്ത്ര്യസമര സേനാനികൾ നടത്തിയ ത്യാഗങ്ങൾക്ക് ആദരാഞ്ജലി അർപ്പിക്കാനും, രാജ്യത്തിന്റെ ഇതുവരെയുള്ള യാത്രയെക്കുറിച്ച് ചിന്തിക്കാനും, ശക്തവും, എല്ലാവരെയും ഉൾക്കൊള്ളുന്നതും, ഊർജ്ജസ്വലവുമായ ഒരു ഇന്ത്യയെ സൃഷ്ടിക്കുന്നതിനുള്ള പാതയിലേക്ക് നീങ്ങാനും ഓരോ വിദ്യാർത്ഥിയെയും അദ്ദേഹം പ്രചോദിപ്പിക്കുകയും ചെയ്തു.

2025
August 20
Wednesday

DAILY EXPRESS

St.Joseph's U.P School Vayattuparamba

# കർഷക ദിനാചരണം



പുതുതലമുറയിൽ കാർഷിക അവബോധം വളർത്തുന്നതിന് ചിങ്ങം 2 ന് വായാട്ടുപറമ്പ് യു.പി സ്കൂളിൽ കർഷകദിനം വർണ്ണാഭമായ പരിപാടികളോടെ ആചരിച്ചു. യു.പി വിഭാഗം വിദ്യാർത്ഥികൾക്ക് പരീക്ഷ ആരംഭിച്ചതിനാൽ എൽ.പി തലത്തിലെ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി കുട്ടിചങ്ങല, കൃഷിച്ചൊല്ലുകൾ, എന്റെ പച്ചക്കറികൾ തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ചു.അധ്യാപികമാരായ സിനി മാത്യു, ജിറ്റി എം.എ എന്നിവരാണ് പരിപാടികൾക്ക് നേതൃത്വം കൊടുത്തത്.

ക്ലാസ് അടിസ്ഥാനത്തിൽ വിദ്യാർഥികൾ കൃഷിച്ചൊലുകൾ ഏറ്റു ചൊല്ലി.തങ്ങളുടെ അടുക്കള തോട്ടത്തിൽ കൃഷി ചെയ്യാവുന്ന വിവിധ പച്ചക്കറികളെ കുറിച്ച് അധ്യാപകർ വിദ്യാർത്ഥികൾക്ക് അറിവ് പകർന്ന് നൽകി. കൃഷിയുമായി ബന്ധപ്പെട്ട നാടൻപദങ്ങൾ ഏറ്റു ചൊല്ലിക്കൊണ്ട് സ്കൂൾ ഗ്രൗണ്ടിൽ വിദ്യാർഥികൾ കുട്ടിചങ്ങല തീർത്തു. കാർഷിക മേഖലയിലേക്ക് വിദ്യാർഥികളെ ആകർഷിക്കുന്നതിന് ഈ ദിനാചരണം ഏറെ ഉപകാരപ്രദമാണ്.

2025
August 21
Thursday

DAILY EXPRESS
St.Joseph's U.P School Vayattuparamba

# മൊബൈൽഫോൺ ദുരുപയോഗം ലഹരിയെക്കാൾ അപകടകരം



## കുട്ടികളുടെ മൊബൈൽഫോൺ ഉപയോഗം നിയന്ത്രിക്കപ്പെടണം

കുട്ടികളുടെ സാമൂഹിക ഇടപെടൽ,മുതിർന്നവരോടുള്ള പെരുമാറ്റം, സമപ്രായക്കാരോടുള്ള ഇടപഴകൽ ഇതിനെയെല്ലാം തകിടം മറിക്കുന്ന രാസലഹരിയെക്കാൾ അപകടകരമായ സാഹചര്യമാണ് മൊബൈൽ ഉപയോഗം കൊണ്ടെത്തിച്ചിരിക്കുന്നത്. മൊബൈൽ ഫോണുകളും, ടാബുകളും കൈകാര്യം ചെയ്യുമ്പോൾ സ്വന്തം കുട്ടികൾക്ക് വണ്ടർ കിഡ് പരിവേഷം രക്ഷിതാക്കൾ നൽകാറുണ്ട്. കുട്ടിയുടെ സ്വഭാവ രൂപീകരണം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ നിഷേധാത്മക സ്വാധീനം ചെലുത്താൻ മൊബൈൽ ഫോൺ ഉപയോഗം വഴിതെളിക്കും.

കുട്ടികളുടെ മുന്നിൽ വെച്ച് മണിക്കൂറുകളോളം രക്ഷിതാക്കൾ മൊബൈൽ ഫോൺ ഉപയോഗിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.കുട്ടികളിലെ മൊബൈൽ ഫോൺ ഉപയോഗം രക്ഷിതാക്കളുടെ മേൽനോട്ടത്തിൽ മാത്രമാക്കണം. ഗെയിം പോലുള്ള വിനോദങ്ങൾ കർശനമായി നിരോധിക്കണം.ഭക്ഷണം കഴിക്കുന്ന സമയത്ത് മൊബൈൽ ഫോൺ നൽകാതിരിക്കേണ്ടതാണ്. മൊബൈൽ ഫോണിൽ വിജ്ഞാന സംബന്ധമായകാര്യങ്ങൾ /അറിവ് ലഭിക്കുന്ന വിഷയങ്ങൾ ഓരോ ദിവസവും നിശ്ചിത സമയത്തേക്ക് മാത്രമായി പരിമിതപ്പെടുത്തണം.

2025
August 22
Friday

DAILY EXPRESS

St.Joseph's U.P School Vayattuparamba

# പരീക്ഷരീതിയിലെ മാറ്റങ്ങളും 'വട്ടം കറക്കുന്ന' ചോദ്യങ്ങളും






ഓണപ്പരീക്ഷ /പാദവാർഷിക പരീക്ഷ തുടങ്ങിയ പേരുകൾക്ക് പകരം 'ആത്യന്തിക വിലയിരുത്തൽ I' എന്നാണ് ഇനിമുതൽ ഈ പരീക്ഷ അറിയപ്പെടുന്നത്. എൽ.പി തലത്തിൽ എല്ലാ വിഷയത്തിനും 5 സ്കോറിന്റെ 5 ചോദ്യങ്ങളാണ്. പതിവ് രീതിയിൽ നിന്നും മാറി യു.പി തലത്തിൽ എല്ലാ പ്രവർത്തനങ്ങൾക്കും ഉത്തരം എഴുതണം.ഓരോ പ്രവർത്തനത്തിനും മാർക്കിന് പകരം A മുതൽ E വരെ 5 ഗ്രേഡുകളാണ് മൂല്യ നിർണയത്തിന് നൽകുന്നത്.ഓർമ്മ പരിശോധനയിൽ നിന്നും മാറി ചിന്തപ്രക്രിയ, ശേഷികൾ എന്നിവ വിലയിരുത്തുന്ന രീതിയിലാണ് പരീക്ഷചോദ്യങ്ങൾ.

യു.പി തലത്തിൽ ഇതുവരെ നടന്ന പരീക്ഷകളിൽ ഗണിതം,മലയാളം വിഷയങ്ങളിലെ ചോദ്യങ്ങൾ വളരെ ഉയർന്ന നിലവാരത്തിലുള്ള വിദ്യാർഥികൾക്ക് മാത്രം എഴുതാൻ സാധിക്കുന്ന വിധത്തിലാണ് തയ്യാറാക്കിയത്. ഒട്ടുമിക്ക ചോദ്യങ്ങളും ശരാശരി, താഴ്ന്ന നിലവാരത്തിലുള്ള വിദ്യാർത്ഥികളെ പരിഗണിച്ചിട്ടില്ല.പരീക്ഷാ ചോദ്യങ്ങൾ പാഠപുസ്തകങ്ങളിലെ ചോദ്യരീതികളുമായി പൊരുത്തപ്പെടുന്ന രീതിയിലാവണം തയ്യാറാക്കേണ്ടത് എന്നാണ് വിദ്യാർത്ഥികളുടെയും,അധ്യാപകരുടെയും പൊതു അഭിപ്രായം. ഗ്രേഡിങ്ങിലെ ശതമാനനിരക്കിലും മാറ്റം വരുത്തിയിട്ടുണ്ട്.

2025
August 25
Monday

# DAILY EXPRESS

St. Joseph's U.P School Vayattuparamba

## തിളങ്ങുന്ന താരങ്ങൾ



## സംസ്ഥാന വടംവലി മത്സരത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ

വായാട്ടുപറമ്പ് യു.പി സ്കൂളിൽ നിന്ന് വടംവലി അണ്ടർ 13 വിഭാഗത്തിൽ നാല് ആൺകുട്ടികളും,3 പെൺകുട്ടികളും സംസ്ഥാനതല വടംവലി മത്സരത്തിൽ കണ്ണൂർ ജില്ലയ്ക്ക് വേണ്ടി കളത്തിൽ ഇറങ്ങുന്നു. സെപ്റ്റംബർ മാസത്തിൽ കോട്ടയത്താണ് മത്സരം നടക്കുന്നത്.വായാട്ടുപറമ്പ് സെന്റ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന ജില്ലാതല വടംവലി മത്സരത്തിൽ അണ്ടർ 13 വിഭാഗത്തിൽ ആൺകുട്ടികൾ ഒന്നാം സ്ഥാനവും പെൺകുട്ടികൾ രണ്ടാം സ്ഥാനവും കരസ്ഥമാക്കിയിരുന്നു ഇന്ന് നടന്ന സ്കൂൾ അസംബ്ലിയിൽ ജില്ലാതല വിജയികളായ വിദ്യാർത്ഥികളെ പ്രത്യേകം അനുമോദിച്ചു.മാത്യു ജോർജ്,ലിയോൺ ലിജോ,പയസ് ബിജേഷ്,കാർത്തിക് അനൂപ് , സഫ എ കെ, ജുവൽന മരിയ ആന്റണി, സൗപർണിക എസ് എന്നീ വിദ്യാർത്ഥികളാണ് നമ്മുടെ സ്കൂളിന്റെ അഭിമാനതാരങ്ങളായി സംസ്ഥാനവടംവലി മത്സരത്തിൽ പങ്കെടുക്കുന്നത്. ഇക്കഴിഞ്ഞ വർഷങ്ങളിൽ നമ്മുടെ വിദ്യാർഥികൾ ദേശീയതലത്തിൽ മെഡലുകൾ കരസ്ഥമാക്കിയിട്ടുണ്ട്.